


# എമ്മാവൂസ് വചനദൂത്

## ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ

മത്തായി 22:41 – 46; ഹെബ്രാ. 9:16 – 28; 1 രാജാ. 6:11 – 19

ബ്ര. റോബിൻ തറയിൽ MCBS

Vol. 12, Issue: 25

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

പള്ളിക്കൂദാശാക്കാലത്തിലെ അവസാന ഞായറാഴ്ചയായ ഇന്ന് തിരുസഭാമാതാവ് ഈശോയുടെ രാജത്വത്തിരുനാൾ ആഘോഷിക്കുന്നു. സർവ്വലോകത്തിന്റെയും രാജാവും രക്ഷകനുമായ മിശിഹായെയാണ് ഈ തിരുനാളിലൂടെ നാം അനുസ്മരിക്കുക. ഏവർക്കും ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ മംഗളങ്ങൾ ഏറ്റവും സ്നേഹപൂർവ്വം ആശംസിക്കുന്നു.

സ്വേച്ഛാധിപതികളും പല രാജാക്കന്മാരും മാറി മാറി ഭരിച്ചിരുന്ന നാടായിരുന്നു ഭാരതം. ഇപ്പോഴും പല രാജ്യങ്ങളിലും ഈ ഏകാധിപത്യം നിലനിൽക്കുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ ക്രൂരതയുടെ പര്യായമായ സ്വേച്ഛാധിപതികൾ ഉണ്ടായിരുന്നു. അതിൽ ചിലരാണ് നെപ്പോളിയനും മുസോളിനിയും ഹിറ്റ്ലറുമൊക്കെ. ഒന്നാം ലോകമഹായുദ്ധാനന്തരം രാജാക്കന്മാരുടെയും ഏകാധിപതികളുടെയും കിരാതഭരണത്തിൽ രാജ്യങ്ങൾ ഞെരിഞ്ഞമർന്നപ്പോൾ എവിടെയും അധികാരക്കൊതിയും അനീതിയും നടമാടി. രാഷ്ട്രങ്ങൾ തമ്മിൽ ശത്രുത വളർന്നു. ഈ അവസരത്തിലാണ് നിത്യം നിലനിൽക്കുന്ന രാജ്യത്തെയും സ്നേഹത്തിന്റെ ഭരണം നടത്തുന്ന രാജാവിനെയും ലോകത്തിന് പരിചയപ്പെടുത്തിക്കൊണ്ട് നിഖ്യ സുനഹദോസിന്റെ (Council of Nicea 325) 1600 -ാം വാർഷികദിനമായ 1925 -ൽ 11 -ാം പിയൂസ് മാർപാപ്പ ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ തിരുസഭയിൽ പ്രഖ്യാപിച്ചത്.

എന്തായിരുന്നു ക്രിസ്തുവിന്റെ രാജത്വത്തിന്റെ പ്രത്യേകത? ഭൗതിക രാജസങ്കൽപങ്ങളിൽ നിന്നു വ്യത്യസ്തമായി ആഡംബരങ്ങളും അധികാരശൈലികളുമില്ലാത്ത രാജത്വമാണ് ക്രിസ്തുവിന്റേത്. അവന്റെ രാജ്യം യുദ്ധങ്ങളിലൂടെയല്ല, മറിച്ച് കുരിശിലൂടെയാണ് നേടിയെടുത്തത്. വലുതാകുന്നതിലല്ല ചെറുതാകുന്നതിലും, ജീവനെടുക്കുന്നതിലല്ല ജീവൻ കൊടുക്കുന്നതിലും, ശുശ്രൂഷിക്കപ്പെടുന്നതിലല്ല ശുശ്രൂഷിക്കുന്നതിലുമാണ് ഈശോയുടെ രാജത്വശൈലി ഉൾച്ചേർന്നിരിക്കുന്നത്.

ഇന്നത്തെ സുവിശേഷവായനയിലേക്കു കടന്നുവരുമ്പോൾ (മത്തായി 22: 41-46) മിശിഹാ ദാവീദിന്റെ പുത്രനേക്കാളും ഉന്നതനാണെന്ന് നാം കാണുന്നു. യഹൂദർക്ക് വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ ദാവീദിന്റെ പുത്രനെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (ജെറ. 23:5, ഏശയ്യാ 11:1). എന്നാൽ ഈശോയുടെ കാലഘട്ടത്തിൽ മിശിഹായെപ്പറ്റിയുള്ള പ്രതീക്ഷകൾക്ക് പുതിയ മാനങ്ങൾ കൈവന്നിരുന്നു. തങ്ങളെ വിദേശാധിപത്യത്തിൽ നിന്ന് മോചിപ്പിക്കുന്ന വ്യക്തിയായിട്ടാണ് മിശിഹായെ യഹൂദർ കണ്ടിരുന്നത്.

ദാവീദിന്റെ പുത്രൻ എന്ന വിശേഷണത്തിൽ ഒതുക്കപ്പെടേണ്ടവൻ മാത്രമല്ല താൻ എന്ന് പഠിപ്പിക്കുന്നതിനോടൊപ്പം തന്നെ താൻ വെറുമൊരു പൊളിറ്റിക്കൽ ലിബറേറ്റർ അല്ലായെന്നു കൂടി ഇവിടെ ഈശോ വ്യക്തമാക്കുകയാണ്.

യഹൂദരുടെ ഇടയിൽ ഏറ്റവും ആദരിക്കപ്പെടുന്ന വ്യക്തികളിലൊരാളായ ദാവീദ് പോലും മിശിഹായെ കർത്താവ് എന്നു വിളിക്കുന്നതിനാൽ മിശിഹാ വെറും ദാവീദിന്റെ പുത്രനല്ല അതിലും ഉന്നതനാണെന്ന് സുവിശേഷം പറഞ്ഞുതരുന്നു. ദൈവമായ യഹോവയോടൊപ്പം നിൽക്കുന്നവനാണ് മിശിഹായെന്ന് ഈശോ ഓർമ്മിപ്പിക്കുന്നു. അതിനാൽ മിശിഹായെ കാണേണ്ടതും സ്വീകരിക്കേണ്ടതും ആ രീതിയിലായിരിക്കണമെന്ന് യഹൂദനേതാക്കന്മാരെ ഈശോ പഠിപ്പിക്കുന്നു. തന്റെ തന്നെ വാക്കുകളിലൂടെ താൻ ദൈവമാണെന്ന് വെളിപ്പെടുത്തുന്നതിനൊപ്പം തന്റെ കുരിശുമരണത്തിനും സഹനങ്ങൾക്കും മുമ്പ് ഒരിക്കൽ കൂടി താൻ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനാണെന്നും ദൈവമാണെന്നും അവിടുന്ന് വെളിപ്പെടുത്തുന്നു. ഇസ്രായേലിന്റെ ദൈവം തന്റെ ജനത്തിനായി ഒരുക്കിയിരിക്കുന്ന രക്ഷയിലേക്ക് കടന്നുവരാൻ ഒരിക്കൽക്കൂടി ക്ഷണിക്കുകയാണ് അവിടുന്ന് തന്റെ രാജത്വത്തിലൂടെ.

ഇന്ന് ഈ കാലഘട്ടത്തിലും ഈശോ നമ്മോട് പറയുന്നത് ''അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക'' (ലൂക്കാ 12:30) എന്നും അതിന് ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയുണ്ട് (ലൂക്കാ 17:21) എന്നുമാണ്. ഈ വചനഭാഗങ്ങൾ കൂടുതൽ മനസിലാകണമെങ്കിൽ രണ്ടു കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഒന്നാമതായി, ഈശോയ്ക്ക് നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം നൽകുക. സാധാരണ, രാജാവിന് തന്റെ രാജ്യത്തിൽ ഒന്നാം സ്ഥാനമാണുള്ളത്. അത് നിഷേധിക്കാനോ, ചോദ്യം ചെയ്യപ്പെടാനോ പാടില്ലാത്ത യാഥാർത്ഥ്യമാണ്. നാം ഈ കൊച്ചുജീവിതത്തിൽ ഈശോയ്ക്ക് ഒന്നാം സ്ഥാനമാണോ നൽകുന്നത്? പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ പറഞ്ഞാൽ, ''എനിക്ക് ജീവിതം ക്രിസ്തുവാണ്'' (ഫിലി. 1:21). ക്രിസ്തുവിനെ നേടാനും അവിടുത്തോടു കൂടി ഒന്നായി കാണപ്പെടാനും ഭൗതികമായതെല്ലാം നഷ്ടമായി കരുതാനും (ഫിലി. 3:7) നമുക്ക് സാധിക്കണം.

രണ്ടാമതായി, യേശുവിന്റെ കൽപനകൾ പാലിക്കണം. രാജകൽപനകൾ അക്ഷരംപ്രതി പാലിക്കുന്നവരാണ് ആ രാജ്യത്തിലെ അംഗങ്ങൾ. അങ്ങനെയുള്ളവർക്കു മാത്രമേ ആ രാജ്യത്തിൽ അംഗമാകുവാൻ സാധിക്കുകയുള്ളൂ. ഇന്നത്തെ പഴയനിയമ വായനകളിൽ സോളമന് കർത്താവിന്റെ അരുളപ്പാട് ഉണ്ടാകുന്നതായി നാം വായിക്കുന്നു. ''നീ എന്റെ ചട്ടങ്ങൾ ആചരിച്ചും എന്റെ കൽപനകൾ പാലിച്ചും നടന്നാൽ ഞാൻ നിന്റെ പിതാവിനോടു ചെയ്ത വാഗ്ദാനം നിന്നിൽ നിറവേറും. എന്റെ ജനത്തെ ഞാൻ ഉപേക്ഷിക്കുകയില്ല. അവരുടെ മദ്ധ്യേ ഞാൻ വസിക്കും'' (1 രാജാ. 6:11-19). ഇതുപോലെ എന്റെ രാജാവായ ക്രിസ്തുവിനോട് വിധേയത്വവും വിശ്വസ്തതയും പുലർത്തി അവിടുത്തെ കൽപനകളും വചനങ്ങളും നാം പാലിക്കണം. എങ്കിൽ മാത്രമേ കർത്താവിന്റെ അനുഗ്രഹം നമ്മുടെയിടയിൽ ഉണ്ടാകൂ. അപ്പോൾ നഷ്ടപ്പെട്ടു പോയ കർത്താവിന്റെ മഹത്വം മടങ്ങിവരും. ദൈവമഹത്വം ആലയത്തിൽ നിറഞ്ഞുനിൽക്കുകയും ചെയ്യും (എസെ. 43:1-7).

സ്നേഹമുള്ളവരേ, ക്രിസ്തീയജീവിതത്തിൽ അനേകം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. ഐഹികരായ ഭരണകർത്താക്കൾ പ്രജകളോട് ചെയ്യുന്ന കൊള്ളരുതായ്മകൾ വേണ്ടുവോളം അനുഭവിക്കുന്നവരാണ് നമ്മൾ. മറ്റു ജനങ്ങളെ നിസ്സാരമായി കരുതി സാധാരണ ജനങ്ങൾ അങ്ങ് സഹിച്ചോട്ടെ എന്ന ഔദ്ധത്യം അവർ വച്ചുപുലർത്തുമ്പോഴും അതിനിടയിലും ക്രിസ്തുവാണ് എന്റെ രാജാവ് എന്ന് ഉറക്കെ വിളിച്ചുപറയുന്നവന്റെ ശബ്ദമാകണം ഓരോ ക്രിസ്തുശിഷ്യന്റെയും ജീവിതം. ഇന്നത്തെ ലേഖനവായനയിൽ സ്വന്തം മരണത്താൽ രക്ഷയായിത്തീർന്നവൻ തന്നെ ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കു വേണ്ടി വീണ്ടും വരും (ഹെബ്രാ. 9:16-28) എന്ന പ്രതീക്ഷയിൽ നമുക്കും ആയിരിക്കാം.

ക്രിസ്തു തന്നെത്തന്നെ പകുത്തുനൽകുന്ന വിശുദ്ധ കുർബാനയാകുന്ന സ്നേഹവിരുന്ന് ഒരുക്കുമ്പോൾ അവിടുത്തെ രാജ്യത്തിലെ ഏറ്റവും വലിയ ആഘോഷമായ ഈ വിരുന്നിൽ നമുക്കും ഭക്തിയോടും തീക്ഷ്ണതയോടും കൂടി പങ്കെടുക്കാം. അവിടുത്തെ രാജ്യത്തിന്റെ സന്ദേശവാഹകരാകുവാൻ, ആ രാജ്യം യാഥാർത്ഥ്യമാക്കാൻ നമ്മുടെ ജീവിതത്തിലും പരിശ്രമിക്കാം. നമ്മുടെ ഹൃദയത്തിലും കുടുംബത്തിലും സമൂഹത്തിലും ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും പുലരാനിടയാകട്ടെ. അങ്ങനെ ദൈവം മഹത്വപ്പെടുകയും മനുഷ്യൻ ആദരിക്കപ്പെടുകയും ചെയ്യുന്ന രാജ്യം പുലരാൻ നമുക്കും പ്രാർത്ഥിക്കാം.

ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.